(സി) ഈ കേസിലെ തെളിവിലേക്കുള്ള രേഖകൾ ഷഹീദയുടെ വിവാഹം നടന്ന നെയ്യാറ്റിൻകരയിൽ നിന്നും തെളിവിലേക്കു സ്വീകരിച്ചും, പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റ് വാങ്ങിയും കൂടുതൽ അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. അന്വേഷണം തുടരുന്നു.

(ഡി) സ്ത്രീധന പീഡന മരണത്തിനാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

സുരേഷ് ബാബുവിന്റെ മരണകാരണവും വാസുമാസ്റ്ററുടെ ആത്മഹത്യാ ശ്രമവും സംബന്ധിച്ച അന്വേഷണം

74. (74) ശ്രീ. ടി. എൻ പ്രതാപൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി എരഞ്ഞോളിയിലെ സി. പി. എം. ബ്രാഞ്ച് സെക്രട്ടറി കെ. സുരേഷ് ബാബു രക്തപതാക കയ്യിൽകെട്ടി ആത്മഹത്യ ചെയ്തതും ആലക്കോട് ഗ്രാമപഞ്ചായത്തിൽനിന്നും സി.പി.എം. ടിക്കറ്റിൽ തിരഞ്ഞെടുക്കപ്പെട്ട കെ. വാസുമാസ്റ്റർ പഞ്ചായത്ത് പുറംപോക്കിൽ നിന്നും മുറിച്ച മരത്തിന്റെ കുറ്റിയിൽ സി. പി. എം. പാർട്ടി പതാക പുതച്ച ശേഷം വിഷം കഴിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചതും സംബന്ധിച്ച് കേസ്സുകൾ എടുത്തിട്ടുണ്ടോ; മരണകാരണമെന്തായിരുന്നു;

(ബി) പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എരഞ്ഞോളിയിലെ സി. പി. എം. ബ്രാഞ്ച് സെക്രട്ടറി സുരേഷ് ബാബു ആത്മഹത്യ ചെയ്ത സംഭവത്തോടനുബന്ധിച്ച് തലശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 401/05 അസ്വാഭാവികമരണമായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂറി ഇടപാടിൽ സാമ്പത്തിക ബാദ്ധ്യത ഉള്ളതുകൊണ്ട് ഇയാൾ ബ്രാഞ്ച് സെക്രട്ടറിയായി പ്രവർത്തിച്ചു വരുന്ന സി. പി. എം. പാർട്ടിയിൽ നിന്നും ഇതേ പ്രശ്നത്തിന്റെ പേരിൽ മാറ്റി നിർത്തിയതിന്റെ മനോവിഷമമാണ് മരണകാരണം. ആലക്കോട് ഗ്രാമ പഞ്ചായത്തിൽനിന്നും സി. പി. എം. ടിക്കറ്റിൽ തിരഞ്ഞെടുക്കപ്പെട്ട കെ. വാസു മാസ്റ്റർ പഞ്ചായത്ത് പുറംപോക്കിൽനിന്നും മുറിച്ച മരത്തിന്റെ കുറ്റിയിൽ സി. പി. എം. പാർട്ടി പതാക പുതച്ചശേഷം വിഷം കഴിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചതായി പരാതിയൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ കേസ്സെടുത്തിട്ടില്ല.

(ബി) ബാധകമല്ല.

കർഷകരുടെ ആത്മഹത്യ

75. (75) ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly